1. 66 കെ.വി. മാനന്തവാടി സബ്സ്റ്റേഷനിൽ നിന്നുള്ള 11 കെ.വി. പേരിയ ഫീഡർ ഔട്ട്ലെറ്റ് 2.25 ലക്ഷം.

2. 66 കെ.വി. മാനന്തവാടി സബ്സ്റ്റേഷനിൽ നിന്നുള്ള 11 കെ.വി. പയ്യമ്പിള്ളി ഫീഡർ ഔട്ട്ലെറ്റ് -7ലക്ഷം.

3. 66 കെ.വി. മാനന്തവാടി സബ്സ്റ്റേഷനിൽ നിന്നും 2, 66 കെ.വി. സർക്യൂട്ട് ബ്രേക്കർ പുനഃസ്ഥാപിക്കൽ -17 ലക്ഷം.

4. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി നിയോജക മണ്ഡലത്തിൽ അഞ്ചുകുന്നിൽ ഒരു 66 KV സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥലം രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

വയനാട് ജില്ലയിൽ കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

140(2393) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കെ.എസ്.ഇ.ബി.യുടെ വൈദ്യുതിഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വൈദ്യുതി ഭവൻ എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) നിർമ്മാണം ആരംഭിച്ചിട്ടില്ല. വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി. മാള നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷമായി നടപ്പാക്കിയ പ്രവർത്തനങ്ങൾ

141(2394) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മാള നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷമായി നടപ്പാക്കിയ പ്രവർത്തനങ്ങളും അവയ്ക്ക് ചെലവായ തുക എത്രയെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ മാള നിയോജകമണ്ഡലത്തിൽ സി.ഡി. അടച്ച് കണക്ഷൻ ലഭിക്കുന്നതിനായി എത്ര അപേക്ഷകളുണ്ട് ; ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(സി) കൺസന്റ് ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത കേസുകളിൽ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇപ്രകാരം കൺസന്റ് ലഭിക്കാത്തവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാള നിയോജക മണ്ഡലത്തിലെ 33 കെ.വി. അന്നമനട സബ്സ്റ്റേഷന്റെയും അതിനോടനുബന്ധിച്ചുള്ള ലൈനിന്റെയും നിർമ്മാണത്തിലേക്കായി 290 ലക്ഷം രൂപ ചെലവായി. മാള നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ വിതരണ മേഖലയിൽ 62 കിലോമീറ്റർ 11 കെ.വി. ലൈൻ, 172.286 കിലോമീറ്റർ എൽ.റ്റി.ലൈൻ എന്നിവ നിർമ്മിക്കുകയും 25 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 15480 സർവ്വീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കായി 8.34 കോടി രൂപ ബോർഡ് ചെലവഴിച്ചിട്ടുണ്ട്.

(ബി) 28 അപേക്ഷകൾ ഉണ്ട്. ഇതിൽ 5 പേർക്ക് ഉടൻ തന്നെ കണക്ഷൻ നൽകുന്നതാണ്. 13 എണ്ണത്തിൽ എ.ഡി.എം.-ന്റെ (property crossing consent കിട്ടാതെ) കേസുകൾ നിലവിലുണ്ട്. ബാക്കി 10 എണ്ണം ടാർജറ്റ് പുതുക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. ഇവരുടെ പേരു വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) കൺസന്റ് ലഭിക്കാത്ത കേസുകൾ എ.ഡി.എം.-ന്റെ പരിഗണനയിലാണ്. ബോർഡ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കൺസന്റ് ലഭിക്കാത്തവരുടെ വിവരം അനുബന്ധമായി പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

തൃക്കരിപ്പൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾ

142(2395) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നാക്ക പട്ടികജാതിവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ നടക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പ്രഖ്യാപിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly